CYAN MAGENTA YELLOW BLACK

പേജ് 20 വില 7.00

# പ്രതിച്ഛായ

www.pratichaya.com

●വാല്യം 2 ●ലക്കം 42 ● എല്ലാ ബുധനാഴ്ചയും പ്രസിദ്ധീകരിക്കുന്നു ● 8 ജൂലൈ 2009

*മുഖപ്രസംഗം*
വിദ്യാഭ്യാസരംഗം വീണ്ടും പ്രക്ഷുബ്ധമാകുന്നു ? 2

*രാഷ്ട്രീയകേരളം*
വിഴിഞ്ഞം വെറും സ്വപ്നമാകുന്നുവോ ? 4
സാബു ജോൺ

*കാഴ്ചവട്ടം* 5
പോലീസ് അഴിഞ്ഞാടുമ്പോൾ
പ്രൊഫ. മാടവന ബാലകൃഷ്ണപിള്ള

*മനസ്സറിയുക ശരീരവും*
ഉറ്റസുഹൃദ്ബന്ധങ്ങളുടെ അഭാവവും കൗമാരക്കാർക്കിടയിലെ പ്രശ്നങ്ങളും
ഡോ. (സി.) ഷാലു കോയിക്കര 6

*കാർഷികം*
കർഷകരക്ഷയ്ക്കു ജൈവകീടനാശിനികൾ
ജോസി 7

*ഫ്ളാഷ്ബാക്ക്*
ഖജുരാഹോവിലെ ശില്പങ്ങൾ
തേക്കിൻകാട് ജോസഫ് 8

*ഇതാണുനിയമം*
അസംഘടിത തൊഴിലാളികളുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ
അഡ്വ. ചാർളിപോൾ 9

*ചരിത്രം*
കേരള ചരിത്രരചനയ്ക്ക് ഒരാമുഖം 12
ഡോ. വെളുത്താട്ട് കേശവൻ

*പുനരാഖ്യാനം*
മഹാഭാരതം 15
സവ്യസാചി

*വിശകലനം*
യാഥാസ്ഥിതിക മേല്ക്കോയ്മയിൽ യൂറോപ്യൻ യൂണിയൻ
ജോർജ് കുറ്റിക്കാട്ട് 17

*ന്യൂസ് ഡയറി* 19
പി. ആർ

*വിദേശക്കാഴ്ച*
ഉഗാണ്ടയിൽ സ്വേച്ഛാധിപത്യത്തിന്റെ കരിനിഴൽ വീഴുന്നുവോ?
പ്രിൻസ് രാജ് 20

അടുത്ത ലക്കത്തിൽ ആരംഭിക്കുന്നു
**ഹെയ്ഡി**
ജോഹന്നാസ് സ്പൈറിയുടെ വിഖ്യാത ബാലനോവൽ
പരിഭാഷ: കിളിരൂർ രാധാകൃഷ്ണൻ

# വിദ്യാഭ്യാസമേഖലയിൽ പുതിയ ചുവടുവയ്പുകൾ

**പ്രൊഫ.കെ.രാജേന്ദ്രപ്രസാദ്**

ഇന്ത്യയിലെ വിദ്യാഭ്യാസ രംഗമാകെ പരിഷ്ക്കരണ വിധേയമാവുകയാണ്. പ്രൊഫ.യശ്പാൽ അധ്യക്ഷനായുള്ള വിദ്യാഭ്യാസ പരിഷ്ക്കരണ കമ്മിറ്റിയുടെ ശുപാർശകൾക്കനുസൃതമായി കേന്ദ്ര മാനവശേഷി വികസന മന്ത്രി കപിൽ സിബൽ ജൂൺ 25നു പ്രഖ്യാപിച്ച നൂറുദിന കർമപരിപാടികൾ ഈ സൂചനയാണു നല്കുന്നത്.

ഇതിൽ ഏറ്റവുമധികം ജനശ്രദ്ധ പിടിച്ചുപറ്റുന്നതും വിവാദങ്ങൾക്കു വിധേയമാകാവുന്നതും പത്താം ക്ലാസ്സിലെ പൊതുപരീക്ഷ വേണ്ടെന്നുവയ്ക്കാനുള്ള ശുപാർശയാണ്. ഇന്ത്യയിലാകെ ഇന്ന് ഏറ്റവുമധികം പങ്കാളിത്തമുള്ളതും ഏറ്റവും ശ്രദ്ധ ആകർഷിക്കുന്നതുമായ നിർണായക പരീക്ഷയാണ് പത്താംക്ലാസ്സിലേത്. പല ജോലികൾക്കും മിനിമം യോഗ്യതയായി നിശ്ചയിച്ചിട്ടുള്ളതും ഈ പരീക്ഷയാണ്. പക്ഷേ, കേരളമുൾപ്പെടെ മിക്കവാറും എല്ലാ സംസ്ഥാനങ്ങളിലും 11ഉം 12ഉം ക്ലാസ്സുകൾ കൂടി സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ ഭാഗമായിത്തന്നെ തുടരുന്ന സാഹചര്യത്തിൽ ഈ ശുപാർശ കാലോചിതമാണ്.

എല്ലാ സ്കൂളുകളിലും പ്ലസ് വൺ, പ്ലസ്ടു സൗകര്യമുണ്ടെങ്കിൽ താഴ്ന്ന ക്ലാസ്സുകളിൽ നിന്നെന്നതുപോലെ പത്താം ക്ലാസ്സിൽ നിന്നും പ്ലസ്വണ്ണിലേക്കും പിന്നെ പ്ലസ്ടുവിലേക്കും പ്രമോഷൻ മാത്രമല്ലേ നടത്തേണ്ടതുള്ളൂ? അതിനിടയിൽ കുട്ടികളുടെയും രക്ഷിതാക്കളുടെയും ടെൻഷൻ വർധിപ്പിക്കുന്ന ഒരു പൊതുപരീക്ഷയുടെ ആവശ്യമെന്ത്? അതിന്റെ പേരിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വിവാദങ്ങളും അധിക ജോലിഭാരവും സാമ്പത്തിക


പ്രൊഫ. യശ്പാൽ


കപിൽ സിബൽ

വ്യയവും ഒഴിവാകുകയും ചെയ്യും. പ്ലസ്ടു വിജയം ഉന്നതവിദ്യാഭ്യാസത്തിനുള്ള അടിസ്ഥാന യോഗ്യതയായി നിശ്ചയിക്കുകയും ചെയ്യാം.

പത്താം ക്ലാസ്സ് വിജയത്തിനു പകരം പ്ലസ്ടു വിജയം മിനിമം വിദ്യാഭ്യാസ യോഗ്യതയായി കണക്കാക്കപ്പെടണം. അതോടൊപ്പം നിർബന്ധിത സൗജന്യ വിദ്യാഭ്യാസം എന്നത് പ്ലസ്ടുവരെയായി ഉയർത്തുകയും വേണം.

സ്കൂൾ തലത്തിൽ സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ തുടങ്ങിയ വിവിധ ഗുണനിലവാരനിർണയ ഏജൻസികൾ ആവശ്യമുണ്ടോ എന്ന കമ്മിറ്റിയുടെ ചോദ്യവും ന്യായമാണ്. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളാണു പൊതുവെ ഈ ഏജൻസികൾക്കു കീഴിൽ വരുന്നത്. അതാവട്ടെ , അതതു സംസ്ഥാനങ്ങളിൽ നിലവിലുള്ള വ്യവസ്ഥകൾക്കു വിധേയമായിട്ടാണു താനും.

സർക്കാർ സിലബസിനെക്കാൾ ഉയർന്ന നിലവാരം പുലർത്തുന്നതാണ് ഈ ഏജൻസിയുടെ ചില പാഠ്യപദ്ധതികൾ. പരീക്ഷയുടെ കാര്യവും അങ്ങനെ തന്നെ. സർക്കാർ നിയന്ത്രണത്തിലുള്ള ബോർഡുകൾ നടത്തുന്ന പരീക്ഷകളെക്കാൾ വിശ്വാസ്യതയും കാര്യക്ഷമതയും അവയ്ക്കുണ്ട്

രാഷ്ട്രീയ ഇടപെടലുകൾക്കു സാധ്യത കുറവാണെന്നതുകൊണ്ട് ഈ ഏജൻസികളുടെ അംഗീകാരമുള്ള സ്കൂളുകൾ കൂടുതൽ മികച്ച നേട്ടങ്ങൾ കൈവരിക്കുന്നുമുണ്ട്. അതുകൊണ്ട് തന്നെ സമൂഹത്തിലെ 'ക്രീമി ലെയർ' ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു മുൻഗണന നല്കുന്നു.

ഇതൊക്കെ വസ്തുതകളാണെന്നിരിക്കിലും വിവിധ ഏജൻസികൾ വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര ഏകോപനമില്ലാതെ പ്രവർത്തിക്കുന്നു എന്നത് ആശാസ്യമല്ല. ഈ സ്ഥാപനങ്ങൾ ഇന്നു നിലനിർത്തുന്ന ഗുണനിലവാരം നഷ്ടപ്പെടുത്താതെ സൂക്ഷിക്കാൻ കഴിയുമെങ്കിൽ സർക്കാർ നിയന്ത്രണത്തിലുള്ള ഏകീകൃത പാഠ്യപദ്ധതിയും പരീക്ഷകളുമൊക്കെയായിരിക്കും അഭികാമ്യം. അതുകൊണ്ട്, രാജ്യത്തെ സെക്കണ്ടറി വിദ്യാഭ്യാസം ഒരു വിദ്യാഭ്യാസ ബോർഡിനു കീഴിലാക്കാനുള്ള ശുപാർശ അപ്രായോഗികമാണെന്നു പറയാനാവില്ല.

അതുപോലെ ഉന്നതവിദ്യാഭ്യാസ രംഗത്തും ഇന്നു നിലവിലുള്ള വിവിധ ഏജൻസികളെ ഒഴിവാക്കി ഒരു ഏകീകൃത ഉന്നതവിദ്യാഭ്യാസ അതോറിറ്റി എന്ന ആശയവും സ്വീകാര്യമാണ്. സാങ്കേതിക വിദ്യാഭ്യാസരംഗത്ത് എ.ഐ.സി.ടി.ഇ,സർവകലാശാല രംഗത്ത് യു.ജി.സി, മെഡിക്കൽ വിദ്യാഭ്യാസമേഖലയിലെ എം.സി.ഐ, വിദൂരവിദ്യാഭ്യാസ അതോറിറ്റി എന്നിവയ്ക്ക് പകരമുള്ള പൊതു അതോറിറ്റിയാണു യശ്പാൽ കമ്മിറ്റിയുടെ ശുപാർശ. എല്ലാ വിദ്യാഭ്യാസ മേഖലകളുടെയും നിയന്ത്രണം ഈ അതോറിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

ഇതു നിലവിലുള്ള വികേന്ദ്രീകരണം അട്ടിമറിക്കുന്ന കേന്ദ്രീകരണമല്ലേ, ജനാധിപത്യ സംവിധാനം ഏകാധിപത്യത്തിനുകീഴിൽ വികലമാവുകയില്ലേ എന്നൊക്കെയുള്ള സംശയങ്ങൾ പഴഞ്ചനാണ്. ഇലക്ട്രോണിക് സാങ്കേതികവിദ്യാവിപ്ലവത്തിന്റെ ഈ കാലഘട്ടത്തിൽ അതിന്റെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ടു ഇ- അഡ്മിനിസ്ട്രേഷൻ ഇത്തരമൊരു മാറ്റത്തിന്റെ അപാകതകൾ പരിഹരിക്കാൻ പര്യാപ്തമാണ്.

പിന്നോക്ക വിഭാഗങ്ങൾക്കും ന്യൂനപക്ഷങ്ങൾക്കും കൂടുതൽ വിദ്യാഭ്യാസ സൗകര്യം ഏർപ്പെടുത്താനുള്ള തീരുമാനവും കൂടുതൽ ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളും സർവകലാശാലകളും എൻഐടികളും സ്ഥാപിക്കാനുള്ള നിർദ്ദേശവും തീർച്ചയായും അഭികാമ്യമാണ്.

ഒരു കാര്യം മാത്രമേ ശ്രദ്ധിക്കേണ്ടൂ. ഏതു പരിഷ്ക്കാരം നടപ്പിലാക്കുമ്പോഴും ബന്ധപ്പെട്ടവരുമായുള്ള നിരുപാധിക ചർച്ചകൾ അനിവാര്യമാണ്. അവരുടെ ആശങ്കകൾ പരിഹരിച്ചുകൊണ്ടായിരിക്കണം പരിവർത്തനം. ഇടതുപക്ഷകക്ഷികളുടെ ഏകാധിപത്യ സമീപനം കോൺഗ്രസ് നേതൃത്വം നല്കുന്ന കേന്ദ്രഗവൺമെണ്ടിൽ നിന്നുണ്ടാവില്ല എന്നു പ്രതീക്ഷിക്കാം.




CYAN MAGENTA YELLOW BLACK

പ്രതിച്ഛായ
രാഷ്ട്രീയ സാംസ്കാരിക വാർത്താവാരിക

വാല്യം 2 ലക്കം 42
8 ജൂലൈ 2009
പ്രൊഫ. ഡോ.കുര്യാസ് കുമ്പളക്കുഴി

*വിദ്യാഭ്യാസമുള്ള വിഡ്ഢി, വിദ്യാരഹിതനായ വിഡ്ഢിയെക്കാൾ വിഡ്ഢിയാണ്.*

*- മോളിയേ*

# വിദ്യാഭ്യാസരംഗം വീണ്ടും പ്രക്ഷുബ്ധമാകുന്നു?

**കേ**രളത്തിന്റെ വിദ്യാഭ്യാസരംഗം വീണ്ടും പ്രക്ഷുബ്ധമാവുകയാണോ? 1957ൽ അധികാരമേറ്റ ഈഎംഎസ് ഗവൺമെണ്ടിൽ വിദ്യാഭ്യാസവകുപ്പിന്റെ ചുമതല പ്രഗല്ഭവിമർശകനും പണ്ഡിതനുമായ ജോസഫ് മുണ്ടശ്ശേരിക്കായിരുന്നു. മാർക്സിസ്റ്റു സ്വതന്ത്രൻ എന്ന നിലയിൽ അദ്ദേഹം കമ്യൂണിസ്റ്റുപാർട്ടി എം.എൽ.എ. തന്നെയായിരുന്നു. അദ്ദേഹം അവതരിപ്പിച്ചു പാസ്സാക്കിയ വിദ്യാഭ്യാസബില്ലാണ് ആ മന്ത്രിസഭയുടെ അന്ത്യംകുറിച്ചത്.

തുടർന്നുവന്ന ഐക്യകക്ഷിഗവൺമെണ്ടിൽ വിദ്യാഭ്യാസത്തിന്റെ ചുമതലയേറ്റതു കോൺഗ്രസംഗം പി.പി. ഉമ്മർ കോയ ആയിരുന്നു. ധാരാളം പുതിയ സ്കൂളുകളും കോളജുകളും അനുവദിച്ചുകൊടുത്തുകൊണ്ടു വിദ്യാഭ്യാസമേഖലയിൽ ക്രിയാത്മക പുരോഗതി കൈവരിക്കാൻ അന്നത്തെ ഗവൺമെണ്ടിനു കഴിഞ്ഞു.

1967ൽ ഈഎംഎസ് തന്റെ രണ്ടാമൂഴക്കാലത്ത് മുന്നനുഭവം ഓർമിച്ചിട്ടാവാം വിദ്യാഭ്യാസവകുപ്പ് മുസ്ലിംലീഗിനെ ഏല്പിച്ചു. പ്രഗല്ഭനായ സി.എച്ച്. മുഹമ്മദുകോയയായിരുന്നു വകുപ്പുമന്ത്രി വിദ്യാഭ്യാസരംഗത്തു പുതിയ കുതിച്ചുകയറ്റങ്ങൾക്കു തുടക്കം കുറിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. എന്തുകൊണ്ടെന്നറിയില്ല പിന്നീടുവന്ന ഇടതുവലതു ഗവൺമെണ്ടുകളിലെല്ലാം വിദ്യാഭ്യാസവകുപ്പു കൈയാളിയതു ചെറുകക്ഷികളുടെ പ്രതിനിധികളായിരുന്നു. അവരിൽ അധികം പേരും ന്യൂനപക്ഷസമുദായാംഗങ്ങളുമായിരുന്നു.

ഈ പതിവു തെറ്റിച്ചത് 2006ലെ ഇടതുഗവൺമെണ്ടാണ്. 1957ലെ ഗവൺമെണ്ടിന്റെ തുടർച്ചയായിരിക്കും 2006ലെ ഗവൺമെണ്ടെന്ന് സിപിഎം കാലേകൂട്ടി പ്രഖ്യാപിച്ചിരുന്നു. അതിന്റെ ഭാഗമായിട്ടാവാം വിദ്യാഭ്യാസവകുപ്പ് ഘടകകക്ഷികൾക്കു നല്കാതെ മുഖ്യകക്ഷിയായ സിപിഎം ഏറ്റെടുത്തു. സത്യപ്രതിജ്ഞചെയ്ത് ഒരു മാസം തികയുന്നതിനു മുമ്പുതന്നെ പുതിയ സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസബില്ല് അവതരിപ്പിച്ചുകൊണ്ടു വിദ്യാഭ്യാസമേഖല സംഘർഷഭരിതമാക്കാൻ മന്ത്രി എം.എ. ബേബിക്കു കഴിയുകയും ചെയ്തു.

കോടതികൾ കയറിയിറങ്ങുന്നതിനിടയിൽ ഭരണഘടനാവിരുദ്ധമായ വകുപ്പുകൾ ഒന്നൊന്നായി റദ്ദു ചെയ്യപ്പെട്ടതോട, പുരാണത്തിലെ ശൂർപ്പണഖയെ പോലെ മൂക്കും മുലകളും ഛേദിക്കപ്പെട്ട അവസ്ഥയിലായി ബേബിയുടെ ബില്ല്. അതോടെ അദ്ദേഹത്തിന്റെ രോഷം മുഴുവൻ മാനേജുമെണ്ടുകളോട്, പ്രത്യേകിച്ചും ന്യൂനപക്ഷ മാനേജുമെണ്ടുകളോടായി. യാതൊരു ചരിത്രബോധവുമില്ലാതെ വിവേകശൂന്യരായി, ചില്ലു പാത്രക്കടയിൽ കയറിയ കാളകളെപ്പോലെ, മന്ത്രിയും കൂട്ടാളികളും സംസ്ഥാന വിദ്യാഭ്യാസരംഗം താറുമാറാക്കി. അതിന്റെ ശിക്ഷ ഈ വർഷത്തെ ലോക്സഭാ തെരഞ്ഞെടുപ്പിൽ ജനങ്ങൾ അവർക്കു നല്കുകയും ചെയ്തു.

അതോടെ സഖാക്കൾ ഒരു പാഠംപഠിച്ചു എന്നു കരുതിയിരിക്കുകയായിരുന്നു ജനങ്ങൾ. പാർട്ടി സെക്രട്ടറി പിണറായി വിജയനിൽ നിന്നുപോലും സമവായത്തിന്റെ സ്വരം പുറപ്പെട്ടു. മാനേജുമെണ്ടുകളുമായി ചർച്ച ചെയ്തു പ്രശ്നങ്ങൾ പരിഹരിക്കാൻ തയ്യാറാണെന്നു പാർട്ടി പ്രഖ്യാപിക്കുകയും ചെയ്തു.

പക്ഷേ, ഇതൊക്കെ വെറും അടവുനയങ്ങളാണെന്നും തെരഞ്ഞെടുപ്പുശിക്ഷ കൊണ്ടൊന്നും പാഠം പഠിക്കില്ലെന്നും, ജനങ്ങളെ പരിഹസിക്കുന്ന ഒരു നിലപാടിലേക്കാണു സിപിഎം നീങ്ങുന്നതെന്നു തോന്നുന്നു. അല്ലെങ്കിൽ പിന്നെ, കേരളത്തിലെ പ്രശസ്തമായ ചില വിദ്യാഭ്യാസസ്ഥാപനങ്ങളുടെ അഫിലിയേഷൻ റദ്ദാക്കാൻ കോഴിക്കോടു സർവകലാശാലയുടെ സിപിഎം സിൻഡിക്കേറ്റു തീരുമാനമെടുത്തതെന്തുകൊണ്ട്? ക്രൈസ്തവ ന്യൂനപക്ഷസ്ഥാപനങ്ങളായ രണ്ടു മെഡിക്കൽ കോളജുകളും രണ്ട് എഞ്ചിനീയറിംഗ് കോളജുകളുമാണ് ഇത്തരത്തിൽ പീഡിപ്പിക്കപ്പെടുന്നത്.

ഒരു വശത്തു സഭകളുമായി ശത്രുതയില്ലെന്നും അവരുടെ ആശങ്കകൾ ചർച്ചകളിലൂടെ പരിഹരിക്കുമെന്നും പ്രഖ്യാപിക്കുകയും സഭാമേലധ്യക്ഷന്മാരെ സന്ദർശിച്ചു ചർച്ചകൾ നടത്തുകയും ചെയ്യുന്നതിനിടയിലാണ്, ഒരു കൈകൊണ്ടു തലോടുകയും മറുകൈ കൊണ്ടു പ്രഹരിക്കുകയും ചെയ്യുന്ന ഈ കാപട്യം. ഇതൊന്നും ഒരു ജനകീയ ഗവൺമെണ്ടിനു ഭൂഷണമല്ല.

**സ്വാശ്രയ പ്രൊഫഷണൽ ബില്ലു സംബന്ധിച്ച അന്തിമവിധിയിൽ കേരള ഹൈക്കോടതി ചോദിച്ചത്, 'ജനങ്ങൾക്കു വിദ്യാഭ്യാസം നല്കുക എന്ന ഗവൺമെണ്ടിന്റെ ചുമതല പങ്കിട്ടു നിർവഹിക്കുന്ന സ്വകാര്യസ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനു പകരം തകർക്കാൻ ശ്രമിക്കുന്നതു ബുദ്ധിശൂന്യതയല്ലേ' എന്നായിരുന്നു. ആ ബുദ്ധിശൂന്യത വീണ്ടും ആവർത്തിക്കുകയാണു ബന്ധപ്പെട്ടവർ.**

സർവകലാശാലയുടെ നടപടിയെ നിയമപരമായും ജനപിന്തുണയോടെ സംഘടിതമായും നേരിടാനാണു ക്രൈസ്തവ മാനേജുമെണ്ടുകളുടെ തീരുമാനം. ഇതു തീർച്ചയായും വിദ്യാഭ്യാസമേഖല സംഘർഷഭരിതമാക്കും. ന്യൂനപക്ഷങ്ങളെ നിരന്തരം പീഡിപ്പിച്ചുകൊണ്ട് തങ്ങളുടെ ആധിപത്യം ഉറപ്പിക്കാനാണു സിപിഎം നീക്കം. പ്രതികാരമല്ല സമവായമാണു സർക്കാരിനു ഭൂഷണമെന്ന് ഇനിയും തിരിച്ചറിയാത്ത മന്ത്രിമാർ അധികാരക്കസേരകളിൽ ഉറച്ചിരിക്കുന്നിടത്തോളം കാലം കേരളീയർക്ക് അശാന്തി അനുഭവിക്കാനാണു വിധിയെന്നു തോന്നുന്നു.

## പ്രതികരണങ്ങൾ

### ഇടുക്കി പാക്കേജ് നടപ്പാക്കണം

**2008** നവംബർ മാസം പ്രഖ്യാപിച്ച ഇടുക്കി പാക്കേജ് അഞ്ചു വർഷം കൊണ്ട് നടപ്പാക്കേണ്ടതാണ്. പാക്കേജ് പ്രഖ്യാപിച്ചിട്ട് ഏഴുമാസം കഴിഞ്ഞിട്ടും കേന്ദ്രമാനദണ്ഡം അനുസരിച്ച് പ്രോജക്ട് റിപ്പോർട്ട് നല്കാൻ കഴിയാത്തത് സംസ്ഥാന സർക്കാരിന്റെ അനാസ്ഥയും പിടിപ്പുകേടുമാണ്

1993ൽ റവന്യൂ മന്ത്രിയായിരുന്ന കെ. എം. മാണി കൊടുത്ത പട്ടയം, ഒറിജിനൽ പട്ടയമായി പ്രഖ്യാപിച്ച ഹൈക്കോടതി വിധി ഇടുക്കിയിലെയും വയനാട്ടിലെയും കുടിയേറ്റ കർഷകർക്ക് ആശ്വാസത്തിനും പ്രത്യാശയ്ക്കും വക നല്കിയിരുന്നു.

കേന്ദ്രസർക്കാർ പ്രഖ്യാപിച്ച കുരുമുളക് പുനഃരുദ്ധാരണ പദ്ധതിയിൽ മുഴുവൻ കർഷകരെയും ഉൾപ്പെടുത്തണം. 50 സെന്റിൽ താഴെയുള്ളവരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. 1977ന് മുമ്പ് കുടിയേറിയ അനേകം കർഷകർക്ക് ഇപ്പോഴും പട്ടയം കിട്ടിയിട്ടില്ല. അവരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തണം.

പട്ടയം കിട്ടുന്നതിനാവശ്യമായ നടപടികൾ ഉടൻ സ്വീകരിക്കണം. കരംകെട്ടിയ രസീത് കൈവശം ഇല്ലാത്തവർക്ക് ഈ പദ്ധതിക്ക് അർഹതയില്ല എന്നാണ് പത്ര വാർത്ത.

എന്നാൽ ഇതുമൂലം അർഹതപ്പെട്ട ഒട്ടനവധി കർഷകർ ഈ പദ്ധതിയിൽ നിന്ന് പിന്തള്ളപ്പെടും. അതുമൂലം പദ്ധതിയുടെ ലക്ഷ്യം തന്നെ അട്ടിമറിക്കപ്പെടും. മാനുഷികമായ പരിഗണനയും യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ടുള്ള ക്രിയാത്മക നടപടിയുമാണ് സംസ്ഥാന സർക്കാരിന്റെയും അധികൃതരുടെയും ഭാഗത്തുനിന്നും ഉണ്ടാകേണ്ടത്. എങ്കിൽ മാത്രമേ സർവപ്രതീക്ഷകളും നഷ്ടപ്പെട്ടു നില്ക്കുന്ന കർഷക സമൂഹത്തിന് ഒരല്പമെങ്കിലും ആശ്വാസം പകരാൻ കഴിയൂ.

**അപ്പച്ചൻ ഓലിക്കരോട്ട്**
മണ്ഡലം പ്രസിഡണ്ട്
കേരളാ കോൺഗ്രസ് (എം)
കുമാരമംഗലം

### കലഹം തന്നെ !

**കേ**രളത്തിൽ നടക്കുന്നത് ഭരണമോ കലഹമോ? എന്ന പ്രതിച്ഛായ പത്രാധിപരുടെ ചോദ്യത്തിനുത്തരം 'കലഹം' എന്നു തന്നെയാണ്. തെരഞ്ഞെടുപ്പിനു മുമ്പും ഏറെക്കാലമായി ഇവിടെ നടന്നിരുന്നതും കലഹം തന്നെ. അയൽ സംസ്ഥാനങ്ങളൊക്കെ വലിയ പുരോഗതി നേടിക്കൊണ്ടിരിക്കുമ്പോൾ കേരളം അധോഗതിയുടെ പാതയിലാണ്.

ഇന്ന് പ്രതിപക്ഷത്തിരിക്കുന്ന യുഡിഎഫ് ഭരണം നടത്തിയകാലത്ത് , അവർ കൊണ്ടുവന്ന എല്ലാ നല്ല കാര്യങ്ങൾക്കും വിലങ്ങുതടിയായി നിന്നവർ ഭരണത്തിലേറിയിട്ടും അതുതന്നെ ചെയ്യുന്നു.

'പാർട്ടി സെക്രട്ടറിയുടെ ചോരകുടിക്കാൻ മുഖ്യമന്ത്രിയും മുഖ്യമന്ത്രിയുടെ കരളരിയാൻ കലികൊള്ളുന്ന സെക്രട്ടറിയും കൂടി കേരളത്തിന്റെ ക്ഷേമവും വികസനവും പദ്ധതികളും മാത്രമല്ല അഭിമാനം പോലും നശിപ്പിക്കുകയാണ്. 'പ്രതിച്ഛായ'യുടെ ഇത്തരം എഡിറ്റോറിയലുകൾ രാഷ്ട്രീയക്കാരെയും സാമാന്യ ജനങ്ങളെയും പ്രബുദ്ധരാക്കട്ടെ.

**ജോർജ് ഇമ്മട്ടി**
ഒല്ലൂർ

## അറിയേണ്ടും വാർത്ത

**അമേരിക്കൻ ആരോഗ്യമേഖലയിലും അഴിമതിബാധ;**

### എഫ്ബിഐയുടെ പ്രാഥമിക കണ്ടെത്തൽ അഞ്ചുകോടി ഡോളറിന്റെ വെട്ടിപ്പ്

**അ**മേരിക്കയിൽ ആരോഗ്യമേഖലയിൽ വൻ ക്രമക്കേടും കൈക്കൂലിയും വ്യാപകമായതായി രഹസ്യാന്വേഷണ ഏജൻസിയായ എഫ്.ബി.ഐയുടെ കണ്ടെത്തൽ. പ്രായമായവർക്കും അവശത അനുഭവിക്കുന്നവർക്കുമായി അമേരിക്കൻ സർക്കാർ നല്കുന്ന ചികിത്സാസഹായ ഇൻഷുറൻസ് പദ്ധതിയുമായി ബന്ധപ്പെട്ടാണ് ക്രമക്കേടുകൾ അധികവും. അഞ്ചുകോടി ഡോളറിന്റെ വെട്ടിപ്പാണ് പ്രാഥമികാന്വേഷണത്തിൽ എഫ്.ബി.ഐയ്ക്ക് കണ്ടെത്താനായിരിക്കുന്നത്.




സർക്കാർ ഉദ്യോഗസ്ഥന്മാർക്കും ഡോക്ടർമാർക്കും എതിരെ ആരോപണമുണ്ട്. ചികിത്സാസഹായവും ഇൻഷുറൻസ് തുകയും ലഭിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ നല്കുന്നതിനും മറ്റും ഡോക്ടർമാർ നിശ്ചിത ശതമാനം തുക തന്നെ വാങ്ങുന്നതായി തെളിഞ്ഞിരുന്നു. 53 ഉദ്യോഗസ്ഥന്മാർക്കെതിരെയാണ് നടപടി ആവശ്യപ്പെട്ട് എഫ്.ബി.ഐ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഫ്ളോറിഡ, മിച്ചിഗെൻ, കൊളോറാഡോ എന്നിവിടങ്ങളിലാണ് കൂടുതൽ ക്രമക്കേടുകൾ കണ്ടെത്തിയത്.

വ്യാജ ക്ലിനിക്കിന്റെ പേരും മറ്റു വിശദാംശങ്ങളും സമർപ്പിച്ച് നൂറു മില്യൺ ഡോളർ (470 കോടി രൂപ) തട്ടാൻ ശ്രമിച്ചതിന് മിയാമിയിൽ നിന്നും എട്ടുപേരെ പോലീസ് അറസ്റ്റു ചെയ്തിരുന്നു. ഇത്തരത്തിൽ രണ്ടായിരത്തി അഞ്ഞൂറോളം കേസുകളിലാണ് നിലവിൽ എഫ്.ബി.ഐയുടെ അന്വേഷണം നടന്നുകൊണ്ടിരിക്കുന്നത്.

# മാലിന്യ നിർമാർജനവും സംസ്കരണവും മനുഷ്യന്റെ നിലനില്പിനാവശ്യം

പ്രൊഫ. ലോപ്പസ് മാത്യു

മാരകരോഗങ്ങളായ മലമ്പനി, വസൂരി, മന്ത്, മലേറിയ തുടങ്ങിയവയ്ക്ക് പകരമായി ഇന്നു കേരളത്തിൽ ചിക്കുൻഗുനിയ, ഡെങ്കിപ്പനി, എലിപ്പനി, ജപ്പാൻ ജ്വരം, തക്കാളിപ്പനി തുടങ്ങിയ സാംക്രമിക രോഗങ്ങൾ രംഗപ്രവേശം ചെയ്തിരിക്കുന്നു.

ദൈവത്തിന്റെ സ്വന്തം നാടെന്നും, വികസനത്തിന്റെ കേരളാ മോഡലെന്നും നാം ലോകമെങ്ങും അറിയപ്പെടുകയും, ഇൻഫെന്റ് മോർട്ടാലിറ്റിയിലും ആയുർദൈർഘ്യത്തിലും സാക്ഷരതയിലും, എന്തിനേറെ കമ്പ്യൂട്ടർ സാക്ഷരതയിലും ശതമാനക്കണക്കിൽ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് മുൻപന്തിയിൽ നില്ക്കുന്ന അവസരത്തിലുമാണ് പുതിയ രോഗങ്ങളുടെ കടന്നുവരവ്.

ഇപ്പോൾ വലുപ്പച്ചെറുപ്പമില്ലാതെ, എല്ലാ വിഭാഗത്തിലും, എല്ലാ പ്രായക്കാരിലും മേല്പറഞ്ഞ മാരകരോഗങ്ങൾ മരണം വിതക്കുന്നതും ആരോഗ്യം നശിപ്പിക്കുന്നതുമായ സ്ഥിതിവിശേഷമാണ് സംജാതമായിരിക്കുന്നത്. ഈ രോഗങ്ങൾക്കെല്ലാം കാരണമായിരിക്കുന്നത് നമ്മുടെ നാട്ടിൽ കുമിഞ്ഞുകൂടുന്ന മാലിന്യമാണെന്ന കാര്യത്തിൽ വലിയ തർക്കമുണ്ടാവില്ല.

രോഗാണു വാഹകരായ കൊതുകും എലിയും യഥേഷ്ടം വിഹരിക്കാനാകുമാറ് കേരളത്തിലെല്ലായിടത്തും പട്ടണ, ഗ്രാമ വ്യത്യാസമില്ലാതെ മാലിന്യം നിറഞ്ഞിരിക്കുന്നു. ഇപ്പോൾ ഇവിടുത്തെ മനുഷ്യരും രോഗാണുവാഹകരായി മാറിയിരിക്കുന്നു.

അന്തരീക്ഷ വായുവും ജലവും മണ്ണും മലീമസമായിരിക്കുന്നു. ആധുനിക, സാങ്കേതിക നേട്ടങ്ങൾക്കനുസൃതമായി മാലിന്യങ്ങളുടെ പട്ടികയും വർധിച്ചിരിക്കുന്നു. കേരളത്തിൽ വളരെ വർധിച്ചു വരുന്ന വാഹനങ്ങളുടെ പുകക്കുഴലുകളിൽ നിന്നും പുറംതള്ളുന്ന രാസപദാർത്ഥങ്ങളും, വഴിയോരങ്ങളിലും, ഡമ്പിംഗ് സ്റ്റേഷനുകളിൽ നിന്നുമുള്ള നാറ്റവും വായുവിനെ മലീനീകരിക്കുന്നു. അർബുദമടക്കമുള്ള രോഗങ്ങൾക്ക് ഇത് കാരണമായേക്കാം. കൂടാതെ വായുവിലെ മലിനീകരണം വഴി അന്തരീക്ഷത്തിലെ കാർബൺഡൈ ഓക്സൈഡിന്റെ അളവു കൂടി അന്തരീക്ഷ താപനില വർധിക്കാനും കാരണമാകും. ഇവിടെ ചൂടു കൂടുന്നതായി നമുക്ക് അനുഭവപ്പെടുന്നുണ്ട്.

കാർഷിക ആവശ്യത്തിനുപയോഗിക്കുന്ന രാസവളം, കീടനാശിനികൾ എന്നിവയുടെ ഉപയോഗം മൂലവും നഗരവത്കരണത്തിന്റെ ഭാഗമായും മണ്ണ് മലിനീകരിക്കപ്പെട്ടിരിക്കുന്നു. നിർജീവമായ ഒരു വസ്തുവല്ല മണ്ണ്. ലക്ഷക്കണക്കിന് സൂക്ഷ്മാണുക്കളുടെ ആവാസകേന്ദ്രമായ മണ്ണ് ജൈവവസ്തുക്കളെ ചീയലിന് വിധേയമാക്കി ഫലപൂഷ്ടി നേടുകയാണ് ചെയ്യുന്നത്. ആ പ്രക്രിയക്ക് ഇപ്പോൾ തടസ്സം നേരിട്ടിരിക്കുന്നു.

അലസമായി കൈകാര്യം ചെയ്യുന്ന പോളിത്തീൻ ക്യാരി ബാഗുകൾ മുതൽ, എല്ലാ ദ്രവങ്ങളും പേറുന്ന പ്ലാസ്റ്റിക് കുപ്പികളും, കവർപാൽ പ്ലാസ്റ്റിക്കും, പി.വി.സി പൈപപ്പുകളും വരെ ഇന്നു ഭൂമിയുടെ പാരിസ്ഥിതിക സന്തുലനത്തെ അട്ടിമറിക്കുന്ന കാഴ്ചയാണ് കാണുന്നത്. ആശുപത്രികളിൽ നിന്നും, മെഡിക്കൽ ലാബുകളിൽ നിന്നും പുറംതള്ളുന്ന ബയോമെഡിക്കൽ മാലിന്യങ്ങൾ ഗുരുതരമയ ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്നു. പ്ലാസ്റ്റിക് കത്തിക്കുമ്പോഴുണ്ടാകുന്ന ഡയോക്സിൻ, കാൻസറിനും ജനിതക വൈകല്യങ്ങൾക്കും കാരണമാകും.

ആറുകളും തോടുകളും മലിനീകരിക്കുന്ന നിരവധി നടപടികൾ നമ്മുടെ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്നു. ഹോട്ടലുകളിലെയും, വ്യവസായ ശാലകളിലെയും മാലിന്യക്കുഴലുകളും എന്തിനേറെ കക്കൂസ് ടാങ്കുകൾ വരെ പുഴയിലേക്കും, തോടുകളിലേക്കുമാണ് തുറക്കപ്പെടുന്നത്. വയൽ നികത്തലും മലയിടിച്ചു നിരത്തലും നമ്മുടെ ജല സ്രോതസുകൾ നശിക്കാൻ കാരണമായിരിക്കുന്നു.

എല്ലാറ്റിനുമുപരി ഇപ്പോൾ നഗര-ഗ്രാമ പ്രദേശങ്ങളിൽ ഒരു പോലെ പ്രശ്നമുണ്ടാക്കുന്നതാണ് ഇലക്ട്രോണിക് ഉപകരണ മാലിന്യം. ടെലിവിഷൻ, കമ്പ്യൂട്ടർ, മറ്റ് ഇലക്ട്രോണിക് ഉപകരണങ്ങൾ, മൊബൈൽ ഫോൺ, ഹൈടെക് കളിപ്പാട്ടങ്ങൾ വരെ, അവയുടെ പട്ടിക നീളുന്നു. ഇവയിലെ ഈയം, രസം, നിക്കൽ തുടങ്ങിയ മൂലകങ്ങൾ കടുത്ത രോഗഭീഷണി ഉണ്ടാക്കുന്ന വസ്തുക്കളിൽ ചിലതുമാത്രമാണ്. ഇങ്ങനെ മാലിന്യ ഉത്പാദന രംഗത്ത് ഭയാനകമായ അവസ്ഥയിലാണ് നമ്മുടെ നാട്.

**കേരളത്തിലെ 999 ഗ്രാമപഞ്ചായത്തുകൾ, 152 ബ്ലോക്കു പഞ്ചായത്തുകൾ, 14 ജില്ലാ പഞ്ചായത്തുകൾ, 53 മുനിസിപ്പാലിറ്റികൾ, അഞ്ച് കോർപറേഷനുകൾ എന്നിവയ്ക്കൊപ്പം സംസ്ഥാന സർക്കാരും ഏകോപിച്ച് സത്വരമായ മാലിന്യനിർമാർജന സംസ്കരണ നടപടികൾ സ്വീകരിക്കണം.**

വികസന പ്രകിയയിൽ ജനങ്ങളുടെ ദൈനംദിന ജീവിതസൗകര്യങ്ങൾ വർധിക്കുന്നിടത്ത് മാലിന്യം മനുഷ്യന് ജീവിത അസൗകര്യങ്ങൾ വളരെയേറെ സൃഷ്ടിക്കുകയാണ്. ഇന്ന് നമ്മുടെ നാട്ടിലെ ഏറ്റവും വലിയ സാമൂഹ്യ വിപത്തായി മാറിയിരിക്കുന്ന ഈ പ്രശ്നം, ഭരണസംവിധാനങ്ങളും അധികാരികളും സന്നദ്ധസംഘടനകളും ഈ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ ഏജൻസികളും പൊതുജനങ്ങളും ചേർന്നു സമഗ്രമായി കൈകാര്യം ചെയ്യേണ്ട വളരെ സങ്കീർണമായ ഒരു വിഷയമാണ്.

കേരളത്തിലെ 999 ഗ്രാമ പഞ്ചായത്തുകളും 152 ബ്ലോക്കു പഞ്ചായത്തുകളും 14 ജില്ലാ പഞ്ചായത്തുകളും 53 മുനിസിപ്പാലിറ്റികളും അഞ്ച് കോർപറേഷനുകളും കേരള സർക്കാരും ഏകോപിച്ച് ഈ രംഗത്തു പ്രവർത്തിക്കണം. ശുചിത്വ ദിനമോ, വാരമോ ആചരിച്ചിട്ടോ, ക്ലീൻ സിറ്റി, നീറ്റ് സിറ്റി എന്ന വിശേഷണങ്ങൾ പറഞ്ഞിട്ടോ കാര്യമില്ല. വൺ ടൈം സെറ്റിൽമെന്റ് ഈ വിഷയത്തിലില്ല.

ഖരമാലിന്യ നിർമാർജനത്തിനും, സംസ്കരണത്തിനും ചെറുതും വലുതുമായ പ്ലാന്റുകൾ സ്ഥാപിക്കാൻ ഏറ്റവും പെട്ടെന്ന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും കഴിയണം.

മാലിന്യം അതിന്റെ ഉത്ഭവസ്ഥാനത്തു തന്നെ സംസ്കരിക്കാൻ കുടുംബങ്ങളെ പ്രേരിപ്പിക്കുമാറ് സാമ്പത്തിക, സാങ്കേതിക സൗകര്യങ്ങൾ അനുവദിക്കണം. മാലിന്യത്തെ ഇന്ധനമാക്കാനും വളമാക്കാനുമുള്ള സാങ്കേതികവിദ്യ വ്യാപകമാക്കണം.

30 മൈക്രോൺ പ്ലാസ്റ്റിക് നിരോധിച്ചതുകൊണ്ട് മാത്രമായില്ല, ഈ രംഗത്ത് കൂടുതൽ കൃത്യതയും ക്ലിപ്തതയുമുള്ള നിയമവും ജനകീയമായ ഒരു നയവും സംസ്ഥാന സർക്കാർ രൂപീകരിക്കേണ്ടതുണ്ട്. അല്ലാത്ത പക്ഷം കേരളജനതയുടെ ആരോഗ്യവും ജീവനും ഇനിയുള്ള കാലത്ത് കൂടുതലായി നഷ്ടപ്പെടും. അത് ലോകം മുഴുവൻ വാഴ്ത്തുന്ന നമ്മുടെ കേരളത്തിന്റെ പല വിശേഷണങ്ങളും നഷ്ടപ്പെടുത്തിയേക്കാം. ■


## പ്രതിച്ഛായ

## ഓണപ്പതിപ്പ് 2009



**പ്രതിച്ഛായ വായനക്കാർക്ക് 2009ലെ തിരുവോണസമ്മാനം.**
**വായന ഗൗരവമായെടുക്കുന്ന സഹൃദയർക്ക്**
**വിലപ്പെട്ട സാംസ്കാരികോപഹാരം;**
**ഒപ്പം ഒരു റഫറൻസ് ഗ്രന്ഥവും**

✦ മറക്കാനാവാത്ത അനുഭവം വായനക്കാരുമായി പങ്കുവയ്ക്കുന്നു


*കെ. കരുണാകരൻ*


*കെ. എം മാണി*


*ഉമ്മൻ ചാണ്ടി*


*മമ്മൂട്ടി*


*ലാലു അലക്സ്*


*ജസ്റ്റീസ് കെ.ടി.തോമസ്*


*പി. കെ. നാരായണ പണിക്കർ*


*ആർ. ബാലകൃഷ്ണ പിള്ള*


*കെ.വി. തോമസ്*


*കെ.എം. മാത്യു*

✦ സി.എൽ. ജോസിന്റെ സമ്പൂർണ നാടകം
– ***ചിറകുള്ള നക്ഷത്രം.***

✦ കെ. സുധാകരന്റെ പൂർണനോവൽ
– ***ആദ്യരാത്രിക്ക് ആശംസകൾ***

✦ കുര്യാസിന്റെ കാവ്യനാടകം
– ***ദഹനബലി***

✦ പ്രശസ്ത സാഹിത്യ സാംസ്കാരിക വിമർശകൻ ഡോ.വി. രാജകൃഷ്ണനുമായി ഡോ. ജോഷി വർഗീസും, ഡോ. ജോജി മാടപ്പാട്ടും നടത്തുന്ന അഭിമുഖം

✦ സി. രാധാകൃഷ്ണൻ, കെ.എൽ. മോഹനവർമ, ബി.ഹരികുമാർ, സെബാസ്റ്റ്യൻ പള്ളിത്തോട്, കിളിരൂർ രാധാകൃഷ്ണൻ, തേക്കിൻകാട് ജോസഫ് തുടങ്ങിയവരുടെ കഥകൾ.

✦ പ്രൊഫ. എം.ജി.എസ്. നാരായണൻ, പ്രൊഫ.എം.ആർ. ചന്ദ്രശേഖരൻ, വേലായുധൻ പണിക്കശ്ശേരി, ഡോ. കെ. ബാബു ജോസഫ്, പി.സി. സിറിയക്, ഡോ. ഡി. ബഞ്ചമിൻ, സിപ്പി പള്ളിപ്പുറം തുടങ്ങിയവരുടെ ലേഖനങ്ങൾ.

✦ അക്കിത്തം, സുഗതകുമാരി, ഏഴാച്ചേരി രാമചന്ദ്രൻ, ജോർജ് തോമസ്, കെ.എസ്. റെക്സ് തുടങ്ങിയവരുടെ കവിതകൾ.

✦ **ന്യൂസ് ഡയറി**
2008 ജൂലൈ ഒന്നു മുതൽ 2009 ജൂൺ മുപ്പതുവരെയുള്ള പ്രധാനസംഭവങ്ങൾ. കേരളം, ദേശീയം, വിദേശം എന്നീ മൂന്നു വിഭാഗങ്ങളിൽ

✦ പതിനഞ്ചാം ലോകസഭാതെരഞ്ഞെടുപ്പിന്റെ വിശദാംശങ്ങൾ

✦ ഡിമൈ 1/4 വലുപ്പം. മുന്നൂറോളം പേജ്.

✦ വില 50 രൂപ മാത്രം.

✦ 2009 ആഗസ്റ്റ് 15നു പ്രസിദ്ധീകരിക്കുന്നു.

*ഓർഗനൈസർമാർ വഴിയും നേരിട്ടും കോപ്പി മുൻകൂർ ബുക്കു ചെയ്യാവുന്നതാണ്. തപാലിൽ വേണ്ടവർ 60 രൂപ അയയ്ക്കുക*

*ഫിനാൻസ് മാനേജർ*
*പ്രതിച്ഛായ, പാലസ് റോഡ്*
*കോട്ടയം – 1*

രാഷ്ട്രീയ കേരളം

സാബു ജോൺ

# വിഴിഞ്ഞം വെറും സ്വപ്നമാകുന്നുവോ ?

വികസനകാര്യത്തിൽ കേരളത്തിന് എന്നും സ്വപ്നങ്ങളേ ഉണ്ടായിരുന്നുള്ളു. കാലാകാലങ്ങളിൽ ഭരണാധികാരികൾ നല്കുന്ന വാഗ്ദാനങ്ങൾ കേട്ട് സ്വപ്നം കണ്ടുകൊണ്ടിരുന്ന കേരളീയർക്ക് അതിനുള്ള അവസരം കൂടി ഇല്ലാതാകുകയാണ്.

സമീപകാലത്ത് കേരളത്തിന്റെ വികസന സ്വപ്നങ്ങളത്രയും സ്മാർട്ട്സിറ്റിയെയും വിഴിഞ്ഞം തുറമുഖത്തെയും ചുറ്റിപ്പറ്റിയായിരുന്നു. അതിൽ സ്മാർട്ട്സിറ്റി ഏറെക്കുറെ സിനിമയിലെ ഡയലോഗ് പോലെ, ഒരിക്കലും നടക്കാത്ത അതിമനോഹരമായ ഒരു സ്വപ്നമായി അവശേഷിക്കുന്ന ലക്ഷണങ്ങളാണു കാണുന്നത്. സ്മാർട്ട്സിറ്റി നടത്തിപ്പുകാരായ ദുബായ് കമ്പനി ടീകോം പദ്ധതിയിൽ നിന്നും പിന്മാറുന്നു എന്ന് ഔദ്യോഗികമായി പറഞ്ഞിട്ടില്ല എന്നു മാത്രം.

ഇപ്പോഴിതാ വിഴിഞ്ഞം പദ്ധതിയും അതേ വഴിക്കു പോകുന്നു. ഇവിടെ പദ്ധതി നടത്തിപ്പിനു ചുമതലപ്പെട്ട ലാൻകോ കൊണ്ടാപ്പള്ളി ഗ്രൂപ്പ് തങ്ങൾ പദ്ധതിയിൽ നിന്നും പിന്മാറുന്നു എന്ന് രേഖാമൂലം സർക്കാരിനെ അറിയിച്ചു കഴിഞ്ഞു. നീണ്ടു പോകുന്ന നിയമനടപടികളിൽ മടുത്താണ് പിന്മാറ്റമെന്നാണ് കമ്പനിയുടെ ഔദ്യോഗികഭാഷ്യം. ഒരു പക്ഷേ യഥാർഥ കാരണം മറ്റെന്തെങ്കിലുമാകാം.

5500 കോടി രൂപ മുതൽമുടക്കാണ് വിഴിഞ്ഞം പദ്ധതിക്ക് കണക്കാക്കിയിരുന്നത്. പ്രത്യക്ഷമായും പരോക്ഷമായും ഒന്നര ലക്ഷത്തോളം പേർക്ക് തൊഴിൽ ലഭിക്കുന്ന പദ്ധതി കൂടിയായിരുന്നു ഇത്. അന്താരാഷ്ട്ര കപ്പൽ ചാലിനോട് ഏറ്റവും അടുത്തുള്ള വിഴിഞ്ഞം തുറമുഖം, പ്രവർത്തനക്ഷമമായാൽ അത് കൊളംബോ, സിംഗപ്പൂർ, ദുബായ് തുടങ്ങിയ തുറമുഖങ്ങൾക്കു വരെ ഭീഷണിയാകുമായിരുന്നുവത്രെ.

വിഴിഞ്ഞം തുറമുഖം യാഥാർഥ്യമായാൽ അത് തിരുവനന്തപുരം ജില്ലയുടെ മാത്രമല്ല, കേരളത്തിന്റെയാകെ വികസനത്തിന് ഗതിവേഗം കൂട്ടുമായിരുന്നു. സ്വാതന്ത്ര്യാനന്തരം കേരളത്തിലുണ്ടായ ഏറ്റവും വലിയ വികസനപദ്ധതിയായും അതു മാറുമായിരുന്നു.

എന്നാൽ കരാറുകാരായ ലാൻകോ കൊണ്ടാപ്പള്ളി പിന്മാറിയതോടെ പദ്ധതിയുടെ ഭാവി എന്തെന്ന് ആർക്കും പറയാനാകാത്ത സ്ഥിതിയാണുണ്ടായിരിക്കുന്നത്. ഇനി ടെൻഡർ നടപടികൾ ആദ്യം മുതൽ ആവർത്തിച്ച് പുതിയ കരാറുകാരെ കണ്ടെത്തണമെങ്കിൽ എത്രനാൾ അതിനു വേണ്ടി വരും. അതിനിടയിൽ കേരളത്തിനു നഷ്ടപ്പെടുന്നതെല്ലാം തിരിച്ചു പിടിക്കാൻ കഴിയാത്തതാണ്.

വിഴിഞ്ഞം പദ്ധതിക്കു വേണ്ട അനുമതികൾ കേന്ദ്രസർക്കാരിൽ നിന്നു ലഭിക്കേണ്ടതായിരുന്നു. കഴിഞ്ഞ യു.പി.എ സർക്കാരിന്റെ കാലത്ത് തമിഴ്നാട്ടിൽ നിന്നുള്ളവരുടെ സമ്മർദത്തിൽ അതു ലഭിക്കാതെ പദ്ധതി അനിശ്ചിതത്ത്വത്തിൽ ഇഴയുകയായിരുന്നു. അതിനിടെ എ.കെ. ആന്റണി കേന്ദ്രത്തിൽ മന്ത്രിയായ ശേഷം അദ്ദേഹം നടത്തിയ കടുത്ത സമ്മർദത്തിന്റെ ഫലമായാണ് ഒരിക്കൽ നിഷേധിച്ച അനുമതി കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം 2008 സെപ്റ്റംബറിൽ നല്കിയത്. അന്ന് കേന്ദ്രാനുമതി ലഭിച്ച ശേഷം അതിനായി പ്രയത്നിച്ച എ.കെ. ആന്റണിയെ പരിഹസിക്കാനായിരുന്നു മുഖ്യമന്ത്രി ഉൾപ്പെടെയുള്ള കേരളത്തിലെ ഭരണകക്ഷിക്കാർ ശ്രമിച്ചത്!

വിഴിഞ്ഞം പദ്ധതി സംസ്ഥാന സർക്കാരിന്റെ കൈയിലേക്കെത്തിയ നാൾ തൊട്ടുള്ള നടപടികൾ പരിശോധിച്ചാൽ കാര്യങ്ങൾ സുതാര്യമായിരുന്നില്ലെന്ന് വ്യക്തമാണ്. വെറും 198 കുടുംബങ്ങളെ മാത്രമേ പദ്ധതിക്കായി കുടിയൊഴിപ്പിക്കേണ്ടി വരികയുള്ളു എന്നായിരുന്നു സർക്കാർ നാട്ടുകാർക്ക് ഉറപ്പു നൽകിയത്. എന്നാൽ ഭൂമി വിജ്ഞാപനം വന്നപ്പോൾ ആയിരക്കണക്കിനു കുടുംബങ്ങളെ ഒഴിപ്പിക്കേണ്ടി വരുമെന്ന സ്ഥിതി വന്നു. ഇതായിരുന്നു വിഴിഞ്ഞം പദ്ധതി നടപടിക്രമങ്ങളിലുണ്ടായ ആദ്യത്തെ കല്ലുകടി. ഉറപ്പുകൾ ലംഘിക്കപ്പെട്ടപ്പോൾ നാട്ടുകാർ സ്വഭാവികമായും എതിർപ്പുമായി രംഗത്തുവന്നു. ഒടുവിൽ വിജ്ഞാപനം തന്നെ റദ്ദാക്കാൻ സർക്കാർ നിർബന്ധിതമായി.




യാഥാർത്ഥ്യം ജനങ്ങളിൽ നിന്നു മറച്ചുവച്ചുകൊണ്ട് ഭൂമിയേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടു പോയത് എന്തിനായിരുന്നുവെന്ന് സർക്കാർ ഇതുവരെ വിശദീകരിച്ചിട്ടില്ല. മാത്രമല്ല ചില വമ്പന്മാരുടെ ഭൂമി ഏറ്റെടുക്കാതെ തികച്ചും പക്ഷപാതപരമായിട്ടാണ് ഭൂമിയേറ്റെടുക്കൽ നടപടികൾ മുന്നോട്ടു പോയതെന്നും ആക്ഷേപമുണ്ടായി.

പിന്നീട് കരാർ ഉറപ്പിക്കലുമായി ബന്ധപ്പെട്ട വിവാദങ്ങളായിരുന്നു. സുപ്രീംകോടതി വരെ നീണ്ട നിയമനടപടികളിലൂടെ നഷ്ടപ്പെട്ട സമയവും ചെറുതല്ല. ഒടുവിൽ കാര്യങ്ങൾ ഏറെക്കുറെ അടുത്തുവന്നപ്പോൾ കരാറുകാരൻ സ്ഥലം വിട്ടു.

സുതാര്യമല്ലാതെ കാര്യങ്ങളെ സമീപിച്ചതാണ് വിഴിഞ്ഞത്തിനു വിനയായത്. വികസനകാര്യങ്ങളിൽ മറ്റെല്ലാ അജണ്ടകളും മാറ്റിവച്ചാൽ മാത്രമേ കേരളത്തിൽ ഇനിയും എന്തെങ്കിലും വികസനപദ്ധതികൾ നടപ്പാക്കാൻ സാധിക്കുകയുള്ളു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നടപ്പിലാക്കാൻ ശ്രമിച്ചതെല്ലാം വിവാദത്തിലാണ് അവസാനിച്ചിട്ടുള്ളത്. ഇതിന്റെയെല്ലാം പിന്നിൽ ഭരണപക്ഷത്തെ കക്ഷികൾ ഉൾപ്പെട്ട സാമ്പത്തികതാത്പര്യങ്ങളുമുണ്ടായിരുന്നു.

ബഹിരാകാശ ഇൻസ്റ്റിറ്റ്യൂട്ടിനു സ്ഥലമെടുക്കാൻ പോയിട്ട് എന്തെല്ലാം പുകിലുകളായിരുന്നു. ഒടുവിൽ ഇൻസ്റ്റിറ്റ്യൂട്ട് കേരളത്തിനു നഷ്ടപ്പെടുമെന്ന സ്ഥിതിവരെയെത്തിയപ്പോഴാണ് സ്ഥലം ഏറ്റെടുത്തു നല്കാൻ സർക്കാർ തയ്യാറായത്.

**5500 കോടി രൂപ മുതൽമുടക്കാണ് വിഴിഞ്ഞം പദ്ധതിക്ക് കണക്കാക്കിയിരുന്നത്. പ്രത്യക്ഷമായും പരോക്ഷമായും ഒന്നര ലക്ഷത്തോളം പേർക്ക് തൊഴിൽ ലഭിക്കുന്ന പദ്ധതി കൂടിയായിരുന്നു ഇത്. അന്താരാഷ്ട്ര കപ്പൽ ചാലിനോട് ഏറ്റവും അടുത്തുള്ള വിഴിഞ്ഞം തുറമുഖം, പ്രവർത്തനക്ഷമമായാൽ അത് കൊളംബോ, സിംഗപ്പൂർ, ദുബായ് തുടങ്ങിയ തുറമുഖങ്ങൾക്കു വരെ ഭീഷണിയാകുമായിരുന്നുവത്രെ.**

സ്മാർട്ട്സിറ്റിക്കു തറക്കല്ലിട്ടതിനു തൊട്ടുപിന്നാലെ കളമശേരിയിൽ പുതിയ ഐ.ടി. പാർക്കിനു സർക്കാർ ഒത്താശയോടെ നീക്കമായി. എച്ച്.എം.ടി ഭൂമി വിവാദത്തിലാണ് അതു ചെന്നെത്തിയത്. സ്മാർട്ട്സിറ്റിക്ക് ഒന്നാമത്തെ പാര അവിടെനിന്നായിരുന്നു.

ഇങ്ങനെ തൊട്ടതെല്ലാം വിവാദമാക്കി മാറ്റിയ സർക്കാർ ഒരു കാര്യത്തിലും തീരുമാനമെടുക്കുന്നില്ലെന്ന് ആക്ഷേപിക്കരുത്. കഴിഞ്ഞ ദിവസം സംസ്ഥാന തൊഴിൽമന്ത്രിയുടെ പ്രസ്താവന കേട്ടു. ഐ.ടി. പാർക്കുകളിൽ കേന്ദ്ര തൊഴിലാളി സംഘടനകൾ യൂണിയനുകൾ ഉണ്ടാക്കാൻ ശ്രമിച്ചാൽ സർക്കാർ സർവപിന്തുണയും കൊടുക്കുമെന്നായിരുന്നു പ്രസ്താവന.

**ബാംഗ്ളൂരിലെ ഐ.ടി. മേഖല 65,000 കോടി രൂപയ്ക്കു മുകളിൽ വരുമാനമുണ്ടാക്കുന്നുണ്ട്. കേരളത്തിൽ തിരുവനന്തപുരവും കൊച്ചിയും ചേർന്നാൽ വെറും 1800 കോടി രൂപയുടെ വരുമാനവും. നമ്മുടെ സംസ്ഥാനത്തിന്റെ സ്വയാർജിതമായ പിന്നോക്കാവസ്ഥയ്ക്ക് ഇതിൽ കൂടുതൽ തെളിവിന്റെ ആവശ്യമില്ല. ചെയ്യേണ്ട കാര്യങ്ങൾ ചെയ്യേണ്ട സമയത്തു ചെയ്തില്ലെങ്കിൽ മറ്റുള്ളവർ അതു ചെയ്യും. ഐ.ടി. വ്യവസായിക്കു കേരളത്തിൽ തന്നെ വ്യവസായം തുടങ്ങണമെന്നു നിർബന്ധമൊന്നുമില്ലെന്ന കാര്യം നമ്മുടെ ഭരണാധികാരികൾ മറക്കുന്നു.**

കൊള്ളാം, സ്വന്തം നിലയിൽ ഒരു തൊഴിലവസരം പോലും സൃഷ്ടിക്കാൻ സാധിക്കാത്തവർ വല്ലവനും നടത്തുന്ന സ്ഥാപനത്തിൽ കൊടിപിടിക്കാൻ സർവ ഒത്താശയും ചെയ്തുകൊടുക്കുമെന്ന്. കേരളത്തിലെ വിദ്യാസമ്പന്നരായ യുവാക്കൾ ഈ പ്രസ്താവന കേട്ട് പുളകം കൊണ്ടെന്നായിരിക്കും മന്ത്രി ധരിച്ചുവച്ചിരിക്കുന്നത്.

ഇന്ത്യയിൽ ആദ്യമായി ഐ.ടി. വ്യവസായത്തിനു വേണ്ടി പ്രത്യേകമായി തുടങ്ങിയ പാർക്കാണ് തിരുവനന്തപുരത്തെ ടെക്നോപാർക്ക്. അന്നു ബാംഗ്ളൂരിലും ഹൈദരാബാദിലും ചെന്നൈയിലുമൊന്നും ഇത്രയും സൗകര്യങ്ങളോടു കൂടിയ സംവിധാനമില്ലായിരുന്നു. എന്നിട്ടും അയൽ സംസ്ഥാനങ്ങളിലെ നഗരങ്ങളിൽ ഐ.ടി. വ്യവസായം തഴച്ചു വളരുകയും കേരളത്തിലെ വിദ്യാസമ്പന്നരായ ചെറുപ്പക്കാർ തൊഴിലിനായി അവിടേക്കു പോകേണ്ടി വരികയും ചെയ്തത് എന്തുകൊണ്ടാണെന്ന് മന്ത്രി ചിന്തിച്ചിട്ടുണ്ടോ ആവോ! മന്ത്രി എന്തിന് അതൊക്കെ ചിന്തിക്കണം.

ബാംഗ്ളൂരിലെ ഐ.ടി. മേഖല 65,000 കോടി രൂപയ്ക്കു മുകളിൽ വരുമാനമുണ്ടാക്കുന്നുണ്ട്. കേരളത്തിൽ തിരുവനന്തപുരവും കൊച്ചിയും ചേർന്നാൽ വെറും 1800 കോടി രൂപയുടെ വരുമാനവും. നമ്മുടെ സംസ്ഥാനത്തിന്റെ സ്വയാർജിതമായ പിന്നോക്കാവസ്ഥയ്ക്ക് ഇതിൽ കൂടുതൽ തെളിവിന്റെ ആവശ്യമില്ല.

ചെയ്യേണ്ട കാര്യങ്ങൾ ചെയ്യേണ്ട സമയത്തു ചെയ്തില്ലെങ്കിൽ മറ്റുള്ളവർ അതു ചെയ്യും. ഐ.ടി. വ്യവസായിക്കു കേരളത്തിൽ തന്നെ വ്യവസായം തുടങ്ങണമെന്നു നിർബന്ധമൊന്നുമില്ലെന്ന കാര്യം നമ്മുടെ ഭരണാധികാരികൾ മറക്കുന്നു.

കേരളത്തിലേക്കു ചെറിയ തോതിലെങ്കിലും ഐ.ടി. നിക്ഷേപം വന്നുതുടങ്ങിയതാണ്. ഇവിടേക്കു നിക്ഷേപത്തിനെത്താൻ ഒരുങ്ങിയിരിക്കുന്ന വ്യവസായികളെ പിന്തിരിപ്പിക്കാൻ മന്ത്രിയുടെ ഈയൊരൊറ്റ പ്രസ്താവന മതിയെന്ന് അദ്ദേഹമൊന്നു മനസ്സിലാക്കിയിരുന്നെങ്കിൽ.

■

CYAN MAGENTA YELLOW BLACK



# പോലീസ് അഴിഞ്ഞാടുമ്പോൾ

കാഴ്ചവട്ടം

പ്രൊഫ. മാടവന ബാലകൃഷ്ണപിള്ള

സംരക്ഷകർ, സംഹാര രുദ്രരായാൽ? വേലി തന്നെ വിളവു തിന്നാൽ? പോലീസുകാർ തന്നെ ബലാത്സംഗ വീരരായാൽ? ജനം വലഞ്ഞതു തന്നെ. പിന്നെ അവർക്ക് നിലനില്പില്ല. കാട്ടാളനീതി വിളയാടും. അതാണ് ഡൽഹിക്കു സമീപം ഇന്ദർപുരി പോലീസ് സ്റ്റേഷനിലും നടന്നത്.

കോളനിയിൽ താമസിക്കുന്ന ഒരു യുവതിയാണ് പോലീസിന്റെ ബലാത്സംഗത്തിനു വിധേയയായത്. അവളുടെ ഭർത്താവിന്റെ പേരിൽ എന്തോ പോലീസ് കേസുണ്ട്. ചൂതുകളിയാണ് കുറ്റം. അയാളെപ്പറ്റി വിവരം ശേഖരിക്കാനാണ് രാത്രി യുവതിയെ പോലീസ് സ്റ്റേഷനിലേക്കു വിളിച്ചുവരുത്തിയത്. ചോദ്യവും ഉത്തരവുമൊന്നും അവിടെ നടന്നില്ല. മറിച്ചു സ്റ്റേഷന്റെ ചുമതലയുള്ള ഓഫീസർ തന്നെ മുകളിലത്തെ നിലയിലേക്കു കൊണ്ടുപോയി ലൈംഗികമായ "ചോദ്യം ചെയ്യൽ" ആരംഭിച്ചു. അവളെതിർത്തും കരഞ്ഞുവിളിച്ചിട്ടുമൊന്നും പ്രയോജനമുണ്ടായില്ല. 'ഏമാൻ' ചോദ്യം ചെയ്യൽ അവസാനിപ്പിച്ചിട്ടും യുവതിക്കു രക്ഷയില്ല. ഓഫീസർ ജനാധിപത്യ വിശ്വാസിയായിരുന്നു കിട്ടുന്നതെല്ലാം സഹജീവികൾക്കും പങ്കുവയ്ക്കുന്നവൻ!

ആ സമയം പോലീസ് സ്റ്റേഷനിലുണ്ടായിരുന്ന നാലു പോലീസുകാരും അവളെ ബലാത്സംഗം ചെയ്തു. അവശയായ യുവതി കോളനിയിലേക്ക് വേച്ചുവേച്ചു നടന്നു. പൊട്ടിക്കരയുന്ന യുവതിയുടെ വാക്കുകളിൽ നിന്നും കോളനി നിവാസികൾ വിവരമറിഞ്ഞു. നൂറോളം പേർ പോലീസ് സ്റ്റേഷനിലേക്ക് ഇരച്ചുകയറി. കല്ലേറായി. ജനലുകൾ അടിച്ചു തകർത്തു. ജനക്കൂട്ടത്തെ നേരിടാൻ പോലീസിനായില്ല. അവർ കതകടച്ച് അകത്തു തന്നെ കഴിച്ചുകൂട്ടി.

അവശയായ യുവതി റാം മനോഹർ ലോഹ്യ ആശുപത്രിയിൽ ചികിത്സയിലാണ്. ആശുപത്രി അധികൃതർ തന്നെയാണ് പോലീസ് മേലധികാരികളെ വിവരമറിയിച്ചത്. അങ്ങനെയാണ് പൈശാചികമായ ഈ സംഭവം പുറംലോകം അറിയുന്നതും.

പോലീസുകാരെക്കൊണ്ട് ഇത്തരം അതിക്രമങ്ങൾ നടത്താൻ പ്രേരിപ്പിക്കുന്നത് അവരുടെ അധികാരമാണ്. ആരും ചോദിക്കാനും പറയാനുമില്ലെന്നുള്ള ധാർഷ്ട്യം. ലാത്തിയും തോക്കും പ്രയോഗിക്കാനധികാരമുള്ള തങ്ങൾക്കെന്തുമാകാമെന്നുള്ള ചിന്ത. മൃഗങ്ങൾ പോലും ഇത്തരം ക്രൂരകൃത്യങ്ങൾ നടത്താറില്ല. പിന്നെന്തേ ഈ മനുഷ്യമൃഗങ്ങൾ ഇങ്ങനെയായി?

> **രാജ്യത്തു ക്രമസമാധാനം പാലിക്കുവാൻ ബാധ്യതപ്പെട്ടവർ. അബലകളെ രക്ഷിക്കാൻ ചുമതലപ്പെട്ടവർ. അവർതന്നെ ക്രൂരമായി പെരുമാറിയാൽ, കുറ്റകൃത്യത്തിന്റെ തീവ്രത വളരെയേറുകയാണ്. സാധാരണക്കാരനു ലഭിക്കുന്നതിന്റെ പത്തിരട്ടി ശിക്ഷയാണ് ഇക്കൂട്ടർക്കു നല്കേണ്ടത്. കാരണം, ഇവർ കുറ്റം ചെയ്യാനുള്ളവരല്ല. കുറ്റം ചെയ്യുന്നവരെ ശിക്ഷിക്കാനുള്ളവരാണ്.**

ഇത്തരം നൂറുനൂറു ക്രൂരകൃത്യങ്ങൾ നടത്തുമ്പോഴാണ് ഒന്നോ അരയോ പുറത്തുവരിക. അബലയായ യുവതി, അതും ഒരു കുറ്റവാളിയുടെ ഭാര്യയായി പോലീസ് സ്റ്റേഷനിൽ ചെല്ലുമ്പോഴുള്ള മാനസികാവസ്ഥ ഊഹിക്കാവുന്നതല്ലേ? നിസ്സഹയായ അവളെ പോലീസ് ഓഫീസർ കൊത്തിപ്പറിക്കുകയായിരുന്നില്ലേ? എന്നിട്ടും ക്രൂരത കെട്ടടങ്ങാത്ത അയാൾ മറ്റുള്ളവർക്കുവേണ്ടികൂടി അവളെ വലിച്ചെറിയുകയായിരുന്നില്ലേ?

ഒരു പരിഷ്കൃത സമൂഹത്തിൽ നടക്കാവുന്ന കാര്യമല്ലിത്. രാജ്യത്തു ക്രമസമാധാനം പാലിക്കുവാൻ ബാധ്യതപ്പെട്ടവർ. അബലകളെ രക്ഷിക്കാൻ ചുമതലപ്പെട്ടവർ. അവർതന്നെ ക്രൂരമായി പെരുമാറിയാൽ, കുറ്റകൃത്യത്തിന്റെ തീവ്രത വളരെയേറുകയാണ്. സാധാരണക്കാരനു ലഭിക്കുന്നതിന്റെ പത്തിരട്ടി ശിക്ഷയാണ് ഇക്കൂട്ടർക്കു നല്കേണ്ടത്. കാരണം, ഇവർ കുറ്റം ചെയ്യാനുള്ളവരല്ല. കുറ്റം ചെയ്യുന്നവരെ ശിക്ഷിക്കാനുള്ളവരാണ്.

പക്ഷേ, പലപ്പോഴും പോലീസ് കേസുകളിൽ നിന്നും "കുറ്റവാളികളായ പോലീസുകാർ" രക്ഷപെടുകയാണു പതിവ്. സ്വന്തം വർഗത്തെ തൊട്ടുകളിക്കാൻ പോലീസുകാർക്കാവില്ല. അപ്പോൾ എന്തുണ്ടാകുന്നു? ഇത്തരക്കാർ കൂടുതൽ ക്രൂരന്മാരാകുന്നു. കുറ്റവാളികളാകുന്നു. അതിനാൽ തന്നെ, ഇവരെ പേടിച്ചാർക്കും നേർവഴി നടക്കാനാവാത്ത അവസ്ഥ.

ഉത്തർപ്രദേശ്, ബീഹാർ തുടങ്ങിയ സംസ്ഥാനങ്ങളിൽ പോലീസ്രാജാണ് നിലനില്ക്കുന്നത്. അവർക്കെതിരെ ഉരിയാടൻ ആർക്കും നാവുപൊങ്ങില്ല. പൊങ്ങിയാൽ ആ നാവ് അറ്റതു തന്നെ. അതിനതിനവർ ക്രൂരതാണ്ഡവം തുടരുന്നു.

എന്തിനു മറ്റു സംസ്ഥാനങ്ങളിലേക്ക് പോകണം? കേരളത്തിലെ പോലീസുകാരിൽ ചെറിയൊരു ഭാഗം കുറ്റവാളികൾ തന്നെ. കോൺസ്റ്റബിൾ മുതൽ ഐപിഎസുകാർ വരെ ഈ ലിസ്റ്റിൽ ഉൾപ്പെടുന്നു. കള്ളനോട്ടടി, മോഷണം, കൊള്ള, കൊലപാതകം, ബലാത്സംഗം എന്നീ കൃത്യങ്ങളിലെല്ലാം ഇക്കൂട്ടർ പെടാറുണ്ട്. ഇവരുടെ പേരിലുള്ള കേസുകൾ ക്രമേണ തേഞ്ഞുമാഞ്ഞു പോകുകയാണ് പതിവ്.

> **പോലീസുകാരുടെ ക്രൂരതകൾ അവസാനിപ്പിക്കാൻ ചിലപ്പോൾ ജനങ്ങൾ ഇളകേണ്ടി വരും. അതാണ് ഇന്ദ്രപുരിയിൽ നടന്നതും. യുവതിയെ ബലാത്സംഗം ചെയ്ത കേസിലെ പ്രതികളായ പോലീസുകാർക്കെതിരെ നടപടി സ്വീകരിക്കുവാൻ ഉന്നതനേതൃത്വം അമാന്തിച്ചപ്പോൾ കോളനിവാസികൾ തെരുവിലിറങ്ങി. അപ്പോൾ മറ്റുള്ളവരും കൂടെക്കൂടി. അതോടെ പത്രമാധ്യമങ്ങളിൽ വിഷയം പ്രത്യക്ഷപ്പെട്ടു. അങ്ങനെ പോലീസുകാർ സ്ഥലം മാറ്റപ്പെട്ടു. തുടർന്നുള്ള മറ്റുശിക്ഷാ നടപടികളും.**

പോലീസുകാരുടെ ക്രൂരതകൾ അവസാനിപ്പിക്കാൻ ചിലപ്പോൾ ജനങ്ങൾ ഇളകേണ്ടി വരും. അതാണ് ഇന്ദ്രപുരിയിൽ നടന്നതും. യുവതിയെ ബലാത്സംഗം ചെയ്ത കേസിലെ പ്രതികളായ പോലീസുകാർക്കെതിരെ നടപടി സ്വീകരിക്കുവാൻ ഉന്നതനേതൃത്വം അമാന്തിച്ചപ്പോൾ കോളനിവാസികൾ തെരുവിലിറങ്ങി. അപ്പോൾ മറ്റുള്ളവരും കൂടെക്കൂടി. അതോടെ പത്രമാധ്യമങ്ങളിൽ വിഷയം പ്രത്യക്ഷപ്പെട്ടു. അങ്ങനെ പോലീസുകാർ സ്ഥലം മാറ്റപ്പെട്ടു. തുടർന്നുള്ള മറ്റുശിക്ഷാ നടപടികളും.

കാരണം, അധികാരം ജനങ്ങളിലാണ്. അധികാരമുള്ള ജനം ഇളകണമെന്നേയുള്ളൂ.

■

# അറിയേണ്ടും വാർത്തകൾ

## ലോകത്ത് ഇരുപത്തഞ്ചു പേരിൽ ഒരാളെ കൊല്ലുന്നത് മദ്യം!



ലോകത്ത് ഇരുപത്തഞ്ചുപേർ മരിക്കുമ്പോൾ അതിൽ ഒരാളുടെ മരണകാരണം മദ്യപാനം. ആകെ ഉണ്ടാകുന്ന മരണങ്ങളുടെ 3.8 ശതമാനം വരും ഇത്.

ടൊറോണ്ടോ യൂണിവേഴ്സിറ്റിയിലെ ഗവേഷകർ, ഡോ. ജെർഗൻ റെഹത്തിന്റെ നേതൃത്വത്തിൽ നടത്തിയ പഠനത്തിലാണ് ഈ കണ്ടെത്തൽ. എന്നാൽ ഇത്തരം മരണങ്ങളിൽ ഏറ്റവും കൂടുതൽ റിപ്പോർട്ട് ചെയ്യുന്നതാകട്ടെ വികസ്വര, അവികസിത രാജ്യങ്ങളിലും.

രണ്ടായിരത്തിനു ശേഷമാണ് മദ്യപാനം മൂലമുള്ള മരണങ്ങൾ ഇത്രയധികം വർധിച്ചത്. മദ്യപാനികളുടെ വർധന ഏറ്റവും കൂടുതൽ സ്ത്രീകൾക്കിടയിലാണ്. മേഖല തിരിച്ച് പരിശോധിച്ചാൽ യൂറോപ്പിലാണ് ഏറ്റവും കൂടുതൽ ഇത്തരത്തിലുള്ള മരണം റിപ്പോർട്ടു ചെയ്തത്. പത്തിൽ ഒന്നാണ് അവിടത്തെ മരണനിരക്ക്. യൂറോപ്പിൽ തന്നെ മുൻ സോവ്യറ്റ് യൂണിയൻ രാജ്യത്തിലാകട്ടെ. 15 ശതമാനം വരെയും.

ആഗോളതലത്തിൽ സ്ത്രീകളെക്കാൾ അഞ്ചിരട്ടിയാണ് മദ്യപാനം മൂലമുള്ള രോഗങ്ങളാൽ മരണമടയുന്ന പുരുഷന്മാരുടെ എണ്ണം. പുരുഷന്മാർക്കിടയിൽ തന്നെ, യുവാക്കളിലാണ് ഇത്തരം രോഗങ്ങൾ കൂടുതലായി കണ്ടുവരുന്നത്.

വികസ്വര രാജ്യങ്ങളായ ഇന്ത്യയിലും ചൈനയിലും മദ്യത്തിന്റെ വില്പന ഓരോ വർഷവും റെക്കോർഡു ഭേദിച്ചുകൊണ്ടിരിക്കുകയാണ്. അതിനനുസരിച്ച് മദ്യപാനികളായ രോഗികളുടെ എണ്ണവും വർധിക്കുന്നു. ആഗോളതലത്തിൽ പുകവലി മനുഷ്യജീവനു നേരെയുയർത്തിയ ഭീഷണിക്ക് തുല്യമാണ് ഇപ്പോൾ മദ്യപാനം ഉയർത്തുന്നത്. അതുകൊണ്ടു തന്നെ പുകവലി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തിയ അതേ പ്രാധാന്യത്തോടുകൂടി മദ്യപാനത്തിനെതിരായ ബോധവത്ക്കരണവും മറ്റു നടപടികളും സ്വീകരിക്കേണ്ടതാണെന്ന് വിദഗ്ധർ അഭിപ്രായപ്പെടുന്നു.

| മദ്യപാനം മൂലമുള്ള രോഗങ്ങൾ ബാധിക്കുന്നവരുടെ പ്രായം | രോഗികളുടെ എണ്ണം (ശതമാനത്തിൽ) |
|---|---|
| 15-29 | 34 |
| 30-44 | 31 |
| 45-59 | 22 |

ഇന്ന് പല രാജ്യങ്ങളും മദ്യത്തിന്റെ വില്പനയും ഉപയോഗവും നിയന്ത്രിക്കുക ലക്ഷ്യമാക്കിയുള്ള പലവിധ നടപടികൾ സ്വീകരിച്ചു വരുന്നു. പല വികസ്വര അവികസിത രാജ്യങ്ങളുടെയും ആരോഗ്യമേഖലയെ സങ്കീർണമാക്കുന്നതിൽ മദ്യത്തിന്റെ പങ്ക് വളരെയേറെ വർധിച്ചിരിക്കുന്നു.

നിലവാരം കുറഞ്ഞതും വിലകുറഞ്ഞതുമായ അനധികൃത മദ്യത്തിന്റെ ഉത്പാദനവും വില്പനയും പൂർണമായും ഇല്ലാതാക്കുവാൻ കഴിഞ്ഞാൽ പ്രശ്നം രൂക്ഷമായിരിക്കുന്ന അവികസിത രാജ്യങ്ങളിൽ ഒരളവു വരെ മദ്യപാനത്തിന് ശമനമുണ്ടാക്കുവാനും അതുവഴി ആരോഗ്യമേഖലയെ ശക്തിപ്പെടുത്തുവാനും കഴിയും എന്നും വിലയിരുത്തപ്പെടുന്നു.

CYAN MAGENTA YELLOW BLACK